# ഇടതുഭരണത്തിൽ മനുഷ്യന്റെ സ്വത്തിനും ജീവനും വിലയില്ലാതായി

പി.ടി.ജോസ്

ഇടതുപക്ഷ സർക്കാരിന്റെ മാഫിയാ-ഗുണ്ടാസംരക്ഷണ നയങ്ങൾമൂലം സംസ്ഥാനത്ത് മനുഷ്യന്റെ സ്വത്തിനും ജീവനും വിലയില്ലാതായതായി കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ജോസ് ആരോപിച്ചു. പട്ടാപ്പകൽ പോലും ക്വട്ടേഷൻ സംഘങ്ങൾ മനുഷ്യരെ നടുറോഡിൽ കൊലപ്പെടുത്തുന്നു. വീടുകൾ കൊള്ളയടിക്കപ്പെടുന്നു. ജനങ്ങളാകെ ഭീതിയിലാഴ്ന്നിരിക്കുന്നു. പോലീസ് നോക്കുകുത്തിയായി നില്ക്കുന്നു.

മൂന്നരവർഷം മുമ്പത്തെ കേരളമല്ല ഇന്നത്തേത്. അതിൽ നിന്നും ഏറെ മാറിപ്പോയിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണം അപ്രസക്തമായിരിക്കുന്നു. മറിച്ച് ക്വട്ടേഷൻ ഗുണ്ടാസംഘങ്ങളുടെ സ്വന്തം നാടായി തീർന്നിരിക്കുന്നു. എന്നിട്ടും ആഭ്യന്തര മന്ത്രി പറയുന്നു, കേരളത്തിലെ ക്രമസമാധാനം പ്രശംസനീയമെന്ന്. സാമാന്യബോധം പോലും നഷ്ടമായവർക്കേ ഇത്തരത്തിൽ അവകാശവാദങ്ങൾ ഉന്നയിക്കുവാൻ കഴിയൂ.

ഈ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിക്കുന്ന മാധ്യമപ്രവർത്തകരെ സിപിഎം സെക്രട്ടറി പരസ്യമായി ഭീഷണിപ്പെടുത്തുകയുണ്ടായി. ഈ സർക്കാർ ആർക്കൊപ്പമാണ് എന്നതിന്റെ വ്യക്തമായ തെളിവായിരുന്നു മാധ്യമപ്രവർത്തകരെ പോലീസിനെക്കൊണ്ട് ചോദ്യം ചെയ്യിക്കും എന്ന ഭീഷണി. ആഭ്യന്തര മന്ത്രിയാകട്ടെ, മാധ്യമപ്രവർത്തകർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുമെന്നും പറഞ്ഞു. അടുത്ത ദിവസം തന്നെ അദ്ദേഹം ആ പ്രസ്താവന പിൻവലിച്ചെങ്കിലും ഒരു ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഭരണാധികാരിയിൽ നിന്നും ഉണ്ടാകരുതായിരുന്ന ധാർഷ്ട്യമാണ് കോടിയേരിയിൽ നിന്നും ഉണ്ടായത്.



*ഇടതുസർക്കാരിന്റെ ദുർഭരണത്തിനെതിരെ കേരളാ കോൺഗ്രസ് (എം) ചവറ നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ സായാഹ്ന ധർണ സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി. ജോസ് ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട്, നിയോജകമണ്ഡലം പ്രസിഡണ്ട് അഡ്വ.ഫ്രാൻസീസ് ജെ നെറ്റോ, എ.ഇക്ബാൽകുട്ടി, ഉഷാലയം ശിവരാജൻ, മുരുകദാസൻ നായർ, ഡ്രാക്കുളം പ്രകാശ് എന്നിവർ സമീപം.*

നിരാലംബരായി സ്വന്തം സ്വത്തിനും ജീവനും സംരക്ഷണമില്ലാതായിരിക്കുന്ന അവസ്ഥയിൽനിന്നും കേരളത്തിലെ ജനങ്ങളെ രക്ഷിക്കുവാൻ എല്ലാ വലതുപക്ഷ ജനാധിപത്യ വിശ്വാസികളും മുന്നോട്ടുവരണമെന്നും പി.ടി.ജോസ് കൂട്ടിച്ചേർത്തു.

ഇടതുസർക്കാരിന്റെ ദുർഭരണത്തിനും കേരളത്തിലെ ക്രമസമാധാന തകർച്ചയ്ക്കുമെതിരെ കേരളാ കോൺഗ്രസ് (എം) ചവറ നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ സായാഹ്ന ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിയോജകമണ്ഡലം പ്രസിഡണ്ട് അഡ്വ.ഫ്രാൻസിസ് ജെ.നെറ്റോ അധ്യക്ഷനായിരുന്നു. പാർട്ടി ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് മുഖ്യപ്രഭാഷണം നടത്തി. എ.ഇക്ബാൽകുട്ടി, കെ.അനിൽ, ഉഷാലയം ശിവരാജൻ, മുരുകദാസൻ നായർ, ബിജു പൂന്തോട്ടത്തിൽ, പ്രാക്കുളം പ്രകാശ്, ബിജു ഡിക്രൂസ്, ജുമൈനിഷ, രാജൻപിള്ള, ഡാനിയേൽ ജോൺ, പി.ജി.ജോൺ, എസ്.രവീന്ദ്രൻ, ചവറ ഷാ, ചിറ്റൂർ രാജൻ, ആൽബർട്ട് ചിറക്കാലായിൽ, ഫെലിക്സ് സ്റ്റാൻലി, സുനിൽ, നിസ്സാം മുത്തങ്ങാതറ എന്നിവർ പ്രസംഗിച്ചു.

## 7 >> പറയാൻ മറന്ന പരിഭവങ്ങളും കേൾക്കാൻ മടിച്ച പാഠങ്ങളും

വിനാശകരമാംവിധം തേജോവധം ചെയ്യുന്ന പ്രതിയോഗികൾക്കു മുന്നിൽ വീണ്ടുമൊരു ഉടന്തടിച്ചാട്ടം അനുവദനീയമാണോ? അപചയങ്ങളുടെ ആപത്ക്കരമായ തുടർകഥകൾ കാണിച്ചുതരുന്നതും കാതിലോതുന്നതും 'നിനയാതോതിയ കൊള്ളിവാക്കുക'ളെന്ന് വിവക്ഷിച്ചാൽ പോലും മറുകര താണ്ടുക അസാധ്യമായിരിക്കും.

മാധ്യമങ്ങൾക്കെതിരെ പിണറായി വിജയനും ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണനും ഉറഞ്ഞുതുള്ളുമ്പോൾ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഇനിയും പത്രപ്രവർത്തകർ ഇറങ്ങിച്ചെല്ലേണ്ട ചില വഴി കാണിച്ചു കൊടുക്കുകയാണ്! സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിന്റെ ശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് വി.എസ് അനുസ്മരിച്ചതും മറ്റൊന്നല്ല. അങ്ങനെയെങ്കിൽ സെബാസ്റ്റ്യൻ പോളിന്റെ നിരീക്ഷണവും നിലപാടുകളും മാധ്യമവിചാരവും ആരെയാവും കൂടുതൽ കോരിത്തരിപ്പിച്ചിരിക്കുക?

കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന് താങ്ങും തണലുമേകിയിരുന്ന വിശാല ജനാധിപത്യ പുരോഗമന ചേരിയെ പുത്തൻകൂറ്റുകാർ മറന്നിരിക്കുന്നു. സാഹിത്യകല 'രക്തപുഷ്പങ്ങൾ' വർഷിച്ചതിനാലാണ് പുരോഗമനക്കാർ ചങ്ങമ്പുഴയ്ക്ക് കസേര നല്കിയത്. അവരു തന്നെയാണ് 'വിഷവൃക്ഷം' നട്ടുപിടിപ്പിച്ച സി.ജെ. തോമസിനെ താഴ്ത്തിക്കെട്ടിയതും. 'എല്ലു പൊക്കിയ ഗോപുരങ്ങൾ കണക്കു ഞങ്ങളുയർത്തിടും, കല്ലുപാകിയ കോട്ടപോലെയുണർന്നു ഞങ്ങളു നേരിടു'മെന്ന ചിട്ടസ്വരത്തിന്റെ നേരറിവു സമ്മാനിച്ച പദവി തന്നായിരുന്നു കടമ്മനിട്ടയ്ക്ക് നിയമസഭാസാമാജികത്വം. തകഴിയും മുണ്ടശ്ശേരിയും വയലാറും പൊറ്റെക്കാടും അരികുചേർന്നുണ്ടായിരുന്ന വഴിയോരം ശൂന്യമായിരിക്കുന്നു. അവിടെയാണ് അധ്യാപനത്തിന്റെ ചിന്താഭാരവുമായി യു.ജി.സിയുടെ അനന്തവിശാലത ആസ്വദിക്കുന്ന ചില അക്കാദമികൾ എല്ലായ്പ്പോഴും 'ഫാസിസത്തിന്റെ അദൃശ്യലോകം' മാത്രം കാണിച്ചുതരുന്നത്.

ഭീകരവാദി ഒളിക്കാനിടമില്ലാത്ത, തിരിച്ചറിയപ്പെട്ട ജനാധിപത്യവിരുദ്ധനാണെന്നും ആധുനിക ഫാസിസം ഒളിച്ചുകളിയിൽ വിരുത് നേടിയ ഒരു അത്യുഗ്ര ഭീകരവാദിയാണെന്നുമാണ് പുതിയ കണ്ടെത്തൽ. ഇവരുടെ പ്രഭാഷണകലയുടെ പൊലിമ എത്രത്തോളമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നിലതെറ്റിയ പരുക്കൻ ന്യായങ്ങളുടെ പടവുകളിലിരുന്നു പുരോഗമനത്തെ പുണരുന്ന അഭിനവബുദ്ധിജീവികളും സെബാസ്റ്റ്യൻ പോളിന്റെ 'വിചാരണ'യുടെ പാരുഷ്യം അറിഞ്ഞിരുന്നു. ഇതുപോരേ ഉപജാപകസംഘത്തിന്റെ മുഖം മുഷിയാൻ!

ഇപ്പോൾ അനഭിമതനായെങ്കിലും തികച്ചും സ്വതന്ത്രനായ ഈ സഹയാത്രികനിൽ നിന്നും പാർട്ടി നേടിയതും പിടിച്ചെടുത്തതും കുറച്ചൊന്നുമല്ല. പാർലമെന്റംഗം എന്ന നിലയിൽ പ്രതിമാസം ലഭിച്ചിരുന്ന 42,000 രൂപയിൽ 35,000 രൂപയും പാർട്ടി എടുത്തു. ഡൽഹിയിലെ വീടിന്റെ പകുതിയും പാർട്ടിയാവശ്യത്തിനു നല്കി. വ്യക്തിപരമായ സ്നേഹബന്ധങ്ങളും ഈ കൊടുക്കൽ വാങ്ങലിന്റെ പരിധിയിലുണ്ടായിരുന്നു. ചിലപ്പോഴെല്ലാം പാർട്ടി അതിന്റെ ഫാസിസ്റ്റ് മുഖം അനാവരണം ചെയ്യാൻ മടിച്ചുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാണെന്നോ അല്ലെന്നോ പറയാനും പാർട്ടി മറന്നു. സിറ്റിംഗ് മെമ്പറെ തഴഞ്ഞ വിവരം ടിവി ന്യൂസിലൂടെയാണോ അറിയേണ്ടത്?

പാർട്ടിയിൽ നിന്നും സ്വയം വിട്ടുനില്ക്കാൻ കാണിച്ച താത്പര്യത്തെ അനാദരിക്കാനുള്ള നേതൃത്വത്തിന്റെ വ്യഗ്രത വിപ്ലവപ്രസ്ഥാനം ശീലിച്ച ഒടുങ്ങാത്ത പകയുടേതാണ്. അതാര്യമായ ദുശ്ശീലങ്ങളിൽ ഒടുങ്ങേണ്ടതല്ല സ്വന്തം രാഷ്ട്രീയജീവിതമെന്ന് തിരിച്ചറിയുന്ന സെബാസ്റ്റ്യൻ പോളുമാരല്ലേ മിടുമിടുക്കന്മാർ? പറഞ്ഞുതീർക്കേണ്ട പരിഭവങ്ങളുടെ ഉള്ളുകള്ളികൾക്കു കാതുകൊടുക്കാത്ത നാട്ടുമര്യാദയുടെ നല്ല ഇടയന്മാർക്ക് മേച്ചിൽ സ്ഥലങ്ങളും അധികമുണ്ടാവില്ല. *

**തികച്ചും സ്വതന്ത്രനായ ഈ സഹയാത്രികനിൽ നിന്നും പാർട്ടി നേടിയതും പിടിച്ചെടുത്തതും കുറച്ചൊന്നുമല്ല. പാർലമെന്റംഗം എന്ന നിലയിൽ പ്രതിമാസം ലഭിച്ചിരുന്ന 42,000 രൂപയിൽ 35,000 രൂപയും പാർട്ടി എടുത്തു. ഡൽഹിയിലെ വീടിന്റെ പകുതിയും പാർട്ടിയാവശ്യത്തിനു നല്കി. വ്യക്തിപരമായ സ്നേഹബന്ധങ്ങളും ഈ കൊടുക്കൽ വാങ്ങലിന്റെ പരിധിയിലായിരുന്നു.**

## അപ്പച്ചൻ തേക്കുംതോട്ടം സഹകരണസംഘം പ്രസിഡണ്ട്



*അപ്പച്ചൻ തേക്കുംതോട്ടം*



*കെ.വി.ജോസഫ്*

അടയ്ക്കാകുണ്ട് ക്ഷീരോത്പാദക സഹകരണ സംഘം പ്രസിഡണ്ടായി അപ്പച്ചൻ തേക്കുംതോട്ടത്തിനെ തെരഞ്ഞെടുത്തു.

കേരളാ കർഷകയൂണിയൻ (എം) മലപ്പുറം ജില്ലാ പ്രസിഡണ്ടും കേരളാ കോൺഗ്രസ് (എം) കാളികാവ് മണ്ഡലം പ്രസിഡണ്ടുമാണ് അപ്പച്ചൻ തേക്കുംതോട്ടം

കേരളാ കോൺഗ്രസ് (എം) അടയ്ക്കാകുണ്ട് വാർഡു പ്രസിഡണ്ടായ കെ.വി.ജോസഫ് കളപ്പുരയ്ക്കലിനെ സഹകരണ സംഘം ഭരണസമിതി അംഗമായും തെരഞ്ഞെടുത്തു.

CYAN MAGENTA YELLOW BLACK

നുറുങ്ങറിവുകൾ

ടി.കെ.മാറിയിടം

# സൂക്ഷിക്കുക തവളകൾ റോഡിലിറങ്ങിയേക്കാം

തവളകളെ പിടിച്ച് വെള്ളത്തിൽ മുക്കിപ്പിടിക്കുക. കുറെ കഴിഞ്ഞ് പിടിവിടുക. ചത്തുമലച്ച് പൊന്തിവരുന്നത് കാത്തിരിക്കുമ്പോൾ തവളയതാ കുളത്തിന്റെ ആഴങ്ങളിലേക്ക് നീർക്കാംകുഴിയിടുന്നു! ഈ ബാല്യകാലസ്മരണ ഇന്നും നമ്മെ ഇളിഭ്യരാക്കുന്നു.

നമുക്കില്ലാത്ത ധാരാളം കഴിവുകൾ ഇതരജീവികൾക്കുണ്ട്. ഉദാഹരണം തവളയുടെ പ്രത്യേകതകൾ തന്നെ. ജലത്തിലും കരയിലും ജീവിക്കാൻ കഴിയുന്നതിനാൽ ഇവ ഉഭയജീവികൾ എന്ന വിഭാഗത്തിലാണ്. ജലത്തിൽ നീന്തിയും കരയിൽ ചാടിയും സഞ്ചരിക്കുവാൻ തവളകൾക്കു കഴിയും. Z ആകൃതിയിൽ മടക്കിവെച്ചിരിക്കുന്ന നീണ്ട പിൻകാലുകൾ മുന്നോട്ടു കുതിക്കുവാൻ അവയെ സഹായിക്കുന്നു. ദൂരെപ്പതിക്കുമ്പോൾ പരിക്കുപറ്റാതിരിക്കാൻ കുറിയ മുൻകാലുകൾ ഉപകരിക്കുന്നു. പിൻകാലുകളുടെ വിരലുകൾക്കിടയിലെ ചർമം ജലത്തിലെ സഞ്ചാരം എളുപ്പമാക്കുന്നു.

വെറുതെയിരിക്കുന്ന തവളയുടെ കീഴ്ത്താടിയിലെ ചർമം സദാ ചലിക്കുന്നത് കണ്ടിട്ടുണ്ടല്ലോ. ശ്വസനത്തിന്റെ ഭാഗമാണ് ഈ ചലനം. തവള മൂന്നുവിധത്തിൽ ശ്വസിക്കുന്നു. ശ്വാസകോശം, വായുടെ പിന്നറ്റത്തെ കവാടം (Glottis), മേൽത്താടിയുടെ മുന്നറ്റത്തെ നാസാരന്ധ്രങ്ങൾ എന്നിവ ഉപയോഗിച്ചാണ് ശ്വസനം. അന്തരീക്ഷവായു നാസാരന്ധ്രങ്ങളിലൂടെ പ്രവേശിച്ച് വായിലെത്തുന്നു. പിന്നെ ഗ്ലോട്ടിസിൽകൂടി ശ്വാസകോശങ്ങളിലേക്ക്, അവിടെവെച്ച് ഓക്സിജൻ രക്തത്തിലേക്കും കാർബൺഡയോക്സൈഡ് തിരികെയും കൈമാറപ്പെടുന്നു. തുടർന്ന് നിശ്വാസവായു ഗ്ലോട്ടിസ്, വായ്, നാസാരന്ധ്രങ്ങൾ വഴി അന്തരീക്ഷത്തിലേക്കും.

$$\text{വായു} \underset{CO_2}{\overset{O_2}{\rightleftarrows}} \text{രക്തം}$$

മേല്പറഞ്ഞ പ്രക്രിയയ്ക്കിടയിൽ വായ്ക്കുള്ളിലെത്തുന്ന അന്തരീക്ഷവായു ചുറ്റുമുള്ള ഭിത്തിയെ സ്പർശിക്കും. അപ്പോൾ അല്പം ഓക്സിജൻ രക്തവാഹിനികളിലേക്ക് ആഗിരണം ചെയ്യപ്പെടുന്നു. പകരം കാർബൺഡൈഓക്സൈഡ് വായുവിലേക്കും. ഇതാണ് രണ്ടാമത്തെ ശ്വസനരീതി - Buccal Respiration.



തവളയുടെ വഴുവഴുപ്പുള്ള ചർമം ശത്രുവിന്റെ പിടിയിൽ നിന്ന് വഴുതിച്ചാടാൻ ഉപകരിക്കുന്നു. ഒപ്പം മറ്റൊരു പ്രയോജനവുമുണ്ട്. ത്വക്കിന്റെ നനഞ്ഞ പ്രതലം മൂന്നാമതൊരു വാതകവിനിമയത്തിന് മാധ്യമമാകുന്നു. ത്വക്കിലുള്ള രക്തക്കുഴലുകളിലെ രക്തവും പുറത്തെ വായുവും തമ്മിലാണ് കൈമാറ്റം. ഇത് Cutaneous Respiration എന്നറിയപ്പെടുന്നു. ഇത്തരം ശ്വസനമാണ് ജലത്തിൽ മുങ്ങിയിരിക്കാൻ തവളയെ സഹായിക്കുന്നത്. ഇടവേളകളിൽ അന്തരീക്ഷവായുവിനായി ജലോപരിതലത്തിൽ വരണമെന്നു മാത്രം.

കരയിൽ കണ്ണടച്ചിരിക്കുന്ന തവള നമ്മെ കാണുന്നില്ലെന്നും കരുതേണ്ട! കൺപോളകളിൽ താഴത്തേത് സുതാര്യമാണ്. ഇത് മേല്പോട്ടുയർത്തി കണ്ണടച്ചാലും ശത്രുവോ ഇരയോ സമീപിച്ചാൽ കാണാം. തവളയുടെ ഇരപിടുത്തം രസകരമാണ്. നമ്മുടേതിൽ നിന്ന് വ്യത്യസ്തമായി തവളയുടെ നാക്ക് വായുടെ മുന്നറ്റത്താണ് ഉറപ്പിച്ചിരിക്കുന്നത്. ശലഭങ്ങളും മറ്റും സമീപമെത്തുമ്പോൾ വായ്തുറന്ന് നാക്ക് പുറത്തേക്ക് എയ്ത് വിടുന്നു. പശയുള്ള നാവിൽ ഇരപറ്റി വായ്ക്കുള്ളിൽ! എല്ലാം ഞൊടിയിടയിൽ! ഇര പുറത്തു പോകാതെ തടയുകയാണ് പല്ലുകളുടെ ജോലി.

ഇടവപ്പാതിക്കാലത്തെ 'ക്രോ...... ക്രോ ..... ക്രീ.....ക്രീ....'കോലാഹലം കേട്ടിരിക്കും. തവളയുടെ പ്രജനനകാലമാണിത്. അപ്പോൾ വയലുകളിലെ വെള്ളത്തിൽ മാലപോലെ കിടക്കുന്ന മുട്ടകളും മത്സ്യത്തെപ്പോലെ നീന്തിക്കളിക്കുന്ന വാൽമാക്രികളും നമ്മുടെ ഗതകാലത്തിലെ കൗതുകക്കാഴ്ചകളാണ്. ഈ കാഴ്ചകളെ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. എന്തുകൊണ്ട്?

കെട്ടിക്കിടക്കുന്ന മലിനജലത്തിൽ കൊതുകിന്റെ ലാർവകളായ കൂത്താടികളെ നാം കണ്ടിട്ടുണ്ട്. കൊതുക് പരത്തുന്ന രോഗങ്ങളും നമുക്കറിയാം. ഈ കൂത്താടികളെയും മറ്റനേകം കീടങ്ങളെയും തിന്നുതീർക്കുന്ന തവളകൾ, പരോക്ഷമായി നമുക്ക് ഉപകാരികളാണ്. മാംസത്തിനുവേണ്ടി നാം നമ്മെത്തന്നെയാണ് ദ്രോഹിക്കുന്നത്. പരിസ്ഥിതിയുടെ സന്തുലനമാണ് തകിടം മറിയുന്നത്.

പരിണാമശൃംഖലയിൽ ജലത്തിലെ മത്സ്യത്തെയും കരയിലെ ഉരഗങ്ങളെയും ബന്ധിക്കുന്ന കണ്ണിയാണ് ഉഭയവർഗം. ജീവലോകത്ത് ഇവയ്ക്കുള്ള പ്രാധാന്യം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതാണ്. അതറിയാൻ ഇതാ ഒരു പത്രവാർത്ത. ഈയിടെ ജർമനി സന്ദർശിച്ച ഒരാൾ നമ്മുടെ അറിവിലേക്കായി കൈമാറിയ കൗതുകവാർത്തയാണ്. അവിടുത്തെ പാതയോരങ്ങളിൽ സ്ഥാപിച്ച ബോർഡുകളിലെ ഒരു നിർദ്ദേശം:

“സ്പീഡ് ലിമിറ്റ് 40 കി.മീ/ മണിക്കൂർ. തവളകൾ റോഡിലിറങ്ങിയേക്കാം. അവയ്ക്ക് അപകടം വരരുത്”!

**കെട്ടിക്കിടക്കുന്ന മലിനജലത്തിൽ കൊതുകിന്റെ ലാർവകളായ കൂത്താടികളെ നാം കണ്ടിട്ടുണ്ട്. കൊതുക് പരത്തുന്ന രോഗങ്ങളും നമുക്കറിയാം. ഈ കൂത്താടികളെയും മറ്റനേകം കീടങ്ങളെയും തിന്നുതീർക്കുന്ന തവളകൾ, പരോക്ഷമായി നമുക്ക് ഉപകാരികളാണ്. മാംസത്തിനുവേണ്ടി നാം നമ്മെത്തന്നെയാണ് ദ്രോഹിക്കുന്നത്. പരിസ്ഥിതിയുടെ സന്തുലനമാണ് തകിടം മറിയുന്നത്.**

# ഡോ. എ.വി. ജോർജിന് സെന്റ് ബർക്കുമാൻസ് അവാർഡ്

കേരളത്തിലെ മികച്ച കലാലയ അധ്യാപകന് ചങ്ങനാശ്ശേരി എസ്.ബി.കോളജ് നല്കുന്ന സെന്റ് ബർക്കുമാൻസ് അവാർഡിനായി ഭൗമശാസ്ത്രാധ്യാപകനും പ്രശസ്ത ശാസ്ത്രഗ്രന്ഥരചയിതാവുമായ ഡോ. എ. വി.ജോർജിനെ തിരഞ്ഞെടുത്തു. 25001 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ജിയോളജി ആൻഡ് എൻവയോൺമെന്റൽ സയൻസ് വിഭാഗം മേധാവിയാണ് അദ്ദേഹം. പ്രതിച്ഛായയുടെ ലേഖകസുഹൃത്തു കൂടിയാണു ഡോ.ജോർജ്.

എസ്.ബി.കോളജിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് കുവൈത്തിലെ പൂർവവിദ്യാർത്ഥികളാണ് അവാർഡ് ഏർപ്പെടുത്തിയത്. കണ്ണൂർ സർവകലാശാല മുൻ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. എം.ഒ.കോശി ചെയർമാനായ കമ്മിറ്റിയാണ് അവാർഡിനായി എ.വി.ജോർജിനെ തെരഞ്ഞെടുത്തത്.



*ഡോ.എ.വി.ജോർജ്*

ഭൗമശാസ്ത്രരംഗത്തെ ഗവേഷണപഠനങ്ങൾക്ക് 1991ൽ കേരള സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. 2003ൽ സിക്കിം മണിപ്പാൽ യൂണിവേഴ്സിറ്റി ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ നിന്നും ഡിസാസ്റ്റർ മാനേജുമെണ്ടിൽ എം.എസ്.സി ബിരുദം കരസ്ഥമാക്കി. 2005ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച എം.എസ്.സി. ഡിസാസ്റ്റർ മാനേജുമെണ്ട് കോഴ്സിന്റെ കോ-ഓർഡിനേറ്ററായി നിയമിതനായി. 2006ൽ എയർ ഇന്ത്യയുടെ 'അധ്യാപക പ്രതിഭാ' പുരസ്കാരത്തിന് അർഹനായി.

കോഴിക്കോട് സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് സയൻസ് ഫാക്കൽറ്റി, അക്കാഡമിക് കൗൺസിൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി വിസിറ്റിംഗ് പ്രൊഫസർ, ഇന്ത്യൻ സയൻസ് കോൺഗ്രസ്, ജിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, മിനറോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ തുടങ്ങി നിരവധി ശാസ്ത്രസാങ്കേതിക സമിതികളിൽ അംഗമാണ് ഡോ. എ.വി.ജോർജ്.

ഭാര്യ: ഡോ.റീറ്റ, മക്കൾ: അമ്മു, റിനു, അനു.

## അറിവിന്റെ ലോകം

വി.കെ.ഹരിദാസ്

# കണ്ണട

മനുഷ്യജീവിതത്തെ വളരെയധികം സ്വാധീനിച്ച ഉപകരണമാണ് കണ്ണട. ലോകത്ത് എവിടെ പോയാലും കണ്ണടവെച്ച ആരെയെങ്കിലും കാണാതിരിക്കില്ല. പ്രായമായവർക്കു മാത്രമല്ല, കൊച്ചുകുട്ടികൾക്കുപോലും കണ്ണട ആവശ്യമായി വരാറുണ്ട്. പലരും കാഴ്ചശക്തി വർധിപ്പിക്കാൻ വേണ്ടിയാണ് കണ്ണട ഉപയോഗിക്കുന്നത്. എന്നാൽ ചിലരാകട്ടെ പൊടിപടലങ്ങളിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നും കണ്ണിനെ രക്ഷിക്കാൻ കണ്ണട ധരിക്കുന്നു. സിനിമാ നടീ-നടന്മാരെപ്പോലുള്ളവർ കറുത്ത കണ്ണട ധരിക്കുന്നത് ഫാഷനു വേണ്ടിയുമാണ്.

പുരാതനകാലം മുതല്ക്കുതന്നെ റോമക്കാരും ഗ്രീക്കുകാരും ഈജിപ്തുകാരും വസ്തുക്കൾ വലുതായിക്കാണാൻ ഉപകരണങ്ങൾ ഉപയോഗിച്ചതിന് തെളിവുകളുണ്ട്. ബി.സി. 400 ആയപ്പോഴേക്കും വളരെ ചെറിയ അക്ഷരങ്ങൾ വായിക്കുവാൻ റോമാക്കാർക്ക് കഴിഞ്ഞിരുന്നുവെന്ന് ഏതാണ്ട് സ്ഥിരീകരിച്ചു കഴിഞ്ഞു. എന്നാൽ, ഇവ ലെൻസുപയോഗിച്ചാണോ എന്ന് ഉറപ്പുപറയാൻ കഴിയില്ല. ആ കാലഘട്ടത്തിൽ ലെൻസുകൾ നിലവിലുണ്ടായിരുന്നെങ്കിലും അവയൊന്നും വസ്തുക്കളെ വലുതാക്കി കാണിക്കാൻ പാകമായിരുന്നില്ലെന്നാണ് പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞൻ ടോളമി പറഞ്ഞത്.



ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ചൈനയിൽ കണ്ണടപോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നതായി കരുതുന്നു. എന്നാൽ അവർ അതുപയോഗിച്ചിരുന്നത് വായിക്കാനായിരുന്നില്ല. ദുഷ്ടശക്തികളിൽ നിന്ന് കണ്ണിനെ സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു!

എ.ഡി. 1000 ആയപ്പോഴേക്കും ഭൂതക്കണ്ണാടികൾ പോലുള്ള പ്രത്യേക സ്ഫടികക്കല്ലുകൾ കണ്ടുപിടിച്ചു എന്നു കരുതപ്പെടുന്നു. വെനേഷ്യൻ വംശജർ ഈ സ്ഫടികക്കല്ലുകളിൽ നിന്നും വായനയ്ക്കുപകരിക്കുന്ന കണ്ണാടികളും ലെൻസുകളും നിർമിച്ചെന്നും പറയപ്പെടുന്നുണ്ട്. ലെൻസുകൾ ഒരു ഫ്രെയിമിലൊതുക്കി ആദ്യമായി ഉപയോഗിച്ചതും വെനേഷ്യക്കാരാണത്രേ.

ബ്രിട്ടീഷ് തത്ത്വചിന്തകനായ റോജർ ബാക്കൺ 1268ൽ എഴുതിയ കുറിപ്പുകളിൽ കണ്ണടകളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. 1268നും 1289നും ഇടയ്ക്കായിരിക്കും കണ്ണടകൾ കണ്ടുപിടിക്കപ്പെട്ടത് എന്നാണ് അനുമാനിക്കുന്നത്. കണ്ണടരംഗത്തെ അതിപ്രധാനമായ വികാസം 16-ാം നൂറ്റാണ്ടിലാണുണ്ടായത്. ഹ്രസ്വദൃഷ്ടികൊണ്ട് വിഷമിക്കുകയായിരുന്ന പോപ്പ്ലിയോ പത്താമന് കോൺകേവ് ലെൻസ് ഉപയോഗിച്ച് ആദ്യത്തെ കണ്ണട നിർമിച്ചുകൊടുത്തു.

17-ാം നൂറ്റാണ്ടിൽ സ്പെയിനും ഇറ്റലിയും കേന്ദ്രീകരിച്ച് കണ്ണട നിർമാണം പുരോഗമിച്ചു. കണ്ണടയ്ക്കുള്ള ലെൻസിന്റെ പരിഷ്ക്കാരങ്ങൾ ദ്രുതഗതിയിൽ നടന്നെങ്കിലും അതിനനുയോജ്യമായ ഫ്രെയിമുകൾ അന്നുണ്ടാക്കിയിരുന്നില്ല. 1730ൽ ബ്രിട്ടീഷുകാരനായ എഡ്‌വാർഡ് സ്കാർലെറ്റ് ചെവിക്കുമുകളിൽ കുടുക്കിവെയ്ക്കാവുന്ന ഫ്രെയിമുകൾ നിർമിച്ചു.

**രണ്ടു ലെൻസുകൾ ചേർത്തുള്ള ബൈഫോക്കൽ ലെൻസ് നിർമിച്ചത് 1780ൽ ബെഞ്ചമിൻ ഫ്രാങ്ക്ളിനാണ്. അടുത്തുള്ളതും അകലെയുള്ളതുമായ വസ്തുക്കളെ നോക്കാൻ രണ്ടുതരം ലെൻസുകൾ ഉപയോഗിക്കുന്ന കണ്ണടയായിരുന്നു അത്. ബൈഫോക്കലിന്റെ വരവോടു കൂടിയാണ് കണ്ണടകളുടെ പ്രചാരം വർധിച്ചത്.**

രണ്ടു ലെൻസുകൾ ചേർത്തുള്ള ബൈഫോക്കൽ ലെൻസ് നിർമിച്ചത് 1780ൽ ബെഞ്ചമിൻ ഫ്രാങ്ക്ളിനാണ്. അടുത്തുള്ളതും അകലെയുള്ളതുമായ വസ്തുക്കളെ നോക്കാൻ രണ്ടുതരം ലെൻസുകൾ ഉപയോഗിക്കുന്ന കണ്ണടയായിരുന്നു അത്. ബൈഫോക്കലിന്റെ വരവോടു കൂടിയാണ് കണ്ണടകളുടെ പ്രചാരം വർധിച്ചത്.

CYAN MAGENTA YELLOW BLACK

## വാർത്തകൾ

# ആഭ്യന്തരമന്ത്രിയെ പുറത്താക്കണം

**ബാബു ജോസഫ്**

ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെട്ട കേരളത്തെ ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ നിയന്ത്രണത്തിലാകാൻ അവസരമൊരുക്കിയ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണനെ മന്ത്രിസഭയിൽ നിന്നും മുഖ്യമന്ത്രി പുറത്താക്കണമെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് ആവശ്യപ്പെട്ടു.

കേരളം കണ്ട ഏറ്റവും പരാജിതനായ ആഭ്യന്തരമന്ത്രിയാണ് കോടിയേരി. ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനം നിഗൂഢതകൾ നിറഞ്ഞതാണ്. കേരളത്തിൽ ഉണ്ടാകുന്ന പ്രമാദമായ കേസുകളുമായി ബന്ധപ്പെട്ട് ആഭ്യന്തര മന്ത്രാലയവും വകുപ്പുമന്ത്രിയും സംശയത്തിന്റെ നിഴലിലാണ്. പ്രതിപക്ഷത്തായിരിക്കെ പോലീസ് സ്റ്റേഷനു മുന്നിൽ ബോംബു നിർമിക്കുവാൻ അണികളോട് ആഹ്വാനം ചെയ്ത വ്യക്തിയാണ് കോടിയേരി ബാലകൃഷ്ണൻ. അദ്ദേഹത്തിന്റെ ആ മനോഭാവത്തിൽ തെല്ലും മാറ്റമുണ്ടായിട്ടില്ല എന്നാണ് ഇപ്പോഴത്തെ സ്ഥിതിഗതികൾ വ്യക്തമാക്കുന്നത്.

ആഭ്യന്തരമന്ത്രി മന്ത്രിസഭയ്ക്കും സംസ്ഥാനത്തിനും തന്നെ ഒരു ബാധ്യതയാണെന്ന വസ്തുതയാണ് മുഖ്യമന്ത്രി പ്രകടിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ക്രമസമാധാനനില അത്യന്തം വഷളാണെന്ന മുഖ്യമന്ത്രിയുടെ പരസ്യപ്രസ്താവന ഇതു വ്യക്തമാക്കുന്നു. നിരന്തരം സംശയങ്ങളുടെ നിഴലിൽ നില്ക്കേണ്ടി വരുന്ന ആഭ്യന്തരമന്ത്രിയെ തത്സ്ഥാനത്തുനിന്നും പുറത്താക്കുവാൻ മുഖ്യമന്ത്രി തയ്യാറാകണം-ബാബു ജോസഫ് കൂട്ടിച്ചേർത്തു.


കേരളാ കോൺഗ്രസ് (എം) മുടക്കുഴ മണ്ഡലം സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. എൻ.സി.ചെറിയാൻ, പോൾ വർഗീസ്, ടോമി കെ.തോമസ്, ജോയി ജോസഫ്, കെ.എ.സാബു, എബ്രഹാം പൊന്നുംപുരയിടം, കെ.പി.ബാബു, ബിജു മാറാച്ചേരി, കെ.സുരേന്ദ്രൻ, എം.വി.മനോജ്, കെ.ബി.രതീഷ് എന്നിവർ സമീപം.

കേരളാ കോൺഗ്രസ് (എം) മുടക്കുഴ മണ്ഡലം സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാർട്ടി മുടക്കുഴ മണ്ഡലം കമ്മിറ്റി ഓഫീസ് ജോയി ജോസഫ് ഉദ്ഘാടനം ചെയ്തു. കൊടിമരത്തിന്റെ ഉദ്ഘാടനം സെക്രട്ടറിയേറ്റ് അംഗം ടോമി കെ.തോമസ് നിർവഹിച്ചു. എൻ.സി.ചെറിയാൻ, ഡോ.ലിസ്സി ജോസ്, ഏബ്രഹാം പൊന്നുംപുരയിടം, പോൾ വർഗീസ്, ബിജു മാറാച്ചേരി, കെ.പി.ബാബു, എൻ.ടി.കുര്യാച്ചൻ, സലോമ ബേബി, ജാൻസി ജോർജ്, ഷിജു പൂണോളി, എം.വി.മനോജ്, കെ.ബി. രതീഷ്, കെ.സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

### കൊപ്രാ സംഭരണത്തിലെ അനാസ്ഥ

# കേരളാ കോൺഗ്രസ് (എം) ധർണ നടത്തി

കൊപ്രാ സംഭരണത്തിൽ കേരഫെഡ് തുടരുന്ന അനാസ്ഥയും കെടുകാര്യസ്ഥതയും എത്രയും വേഗം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരളാ കോൺഗ്രസ് (എം) കോടഞ്ചേരി പഞ്ചായത്തു കമ്മിറ്റി കൃഷിഭവനു മുന്നിൽ ധർണ നടത്തി.

സംസ്ഥാന സർക്കാർ തന്നെ കേരഫെഡിന്റെ കൊപ്രാസംഭരണത്തിന് മേല്നോട്ടം വഹിക്കുക, നാളികേരം ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ എല്ലാ സഹകരണ ബാങ്കുകളെയും സംഭരണ ഏജൻസികളായി പ്രഖ്യാപിക്കുക എന്നീ ആവശ്യങ്ങൾ കേരളാ കോൺഗ്രസ് (എം) മുന്നോട്ടുവച്ചു.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൊപ്ര സംഭരിച്ച തിരുവമ്പാടി പ്രദേശത്തെ 12 പഞ്ചായത്തുകളുടെ സംഭരണ ഏജൻസിയായ മാർക്കറ്റിംഗ് സൊസൈറ്റിയുടെ സംഭരണം കേരഫെഡ് ഇടപെട്ട് നിർത്തിവച്ചിരിക്കുന്നു. ഈ നടപടി തികച്ചും കർഷക ദ്രോഹമാണ്. കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ട സർക്കാർ ഏജൻസികൾ കർഷകരെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്ന ഏജൻസികളായി അധഃപതിക്കുന്നത് അനുവദിക്കാൻ കഴിയുകയില്ലെന്നും ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് കേരളാ കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.സി.കുര്യൻ പറഞ്ഞു.

ടി.എം.ജോസഫ്, എം.കെ.ഏലിയാസ്, പ്രിൻസ് പുത്തൻകണ്ടം, അലക്സാണ്ടർ ഐരാറ്റിൻ, റോയി മുരിക്കോലിൽ, കെ.ജെ.ജോസഫ്, ബിജു പൊരുന്നേടത്ത്, ദേവസ്യ കാളൻപറമ്പിൽ, ജോസഫ് വണ്ടൻമാക്കൽ, മേഴ്സി തങ്കച്ചൻ, എൽസ ബെന്നി, അപ്പച്ചൻ പേഴുംതിങ്കൽ, അപ്പച്ചൻ കണിയാംമാട്ടേൽ, ജസ്റ്റിൻ കരിനാട്ട്, ജോസ് പനക്കൽ, ബേബി കല്ലുകുളങ്ങര എന്നിവർ പ്രസംഗിച്ചു.


കൊപ്രാ സംഭരണത്തിലെ അനാസ്ഥയിൽ പ്രതിഷേധിച്ച് കേരളാ കോൺഗ്രസ് (എം) കോടഞ്ചേരി പഞ്ചായത്തു കമ്മിറ്റി കൃഷിഭവനുമുന്നിൽ നടത്തിയ ധർണ.

# ഇടതുഭരണം ക്രമസമാധാനത്തിന്റെ അടിത്തറ ഇളക്കി

**ബെന്നി കക്കാട്**


സംസ്ഥാനത്തെ ഗുണ്ടാതേർവാഴ്ചയ്ക്കെതിരെ കേരളാ കോൺഗ്രസ് (എം) കൊട്ടാരക്കര നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ സായാഹ്ന ധർണ ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിലെ ക്രമസമാധാനത്തിന്റെ അടിത്തറയിളക്കിയ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണനെ മന്ത്രിസഭയിൽനിന്നു പുറത്താക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് കേരളാ കോൺഗ്രസ് (എം) കൊല്ലം ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ ഗുണ്ടാ തേർവാഴ്ചയ്ക്കെതിരെ കേരളാ കോൺഗ്രസ് (എം) കൊട്ടാരക്കര നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ സായാഹ്ന ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മന്ത്രിസഭയുടെ തലവനായ മുഖ്യമന്ത്രിപോലും സംസ്ഥാനത്തെ ക്രമസമാധാനനിലയിൽ അസംതൃപ്തനാണ്. ആഭ്യന്തര വകുപ്പ് അഴിമതി വകുപ്പായി തരംതാണിരിക്കുന്നു. സംശയത്തിന്റെയും ആരോപണങ്ങളുടെയും നിഴലിൽ നില്ക്കുന്ന ഈ ഭരണനേതൃത്വത്തിന് സംസ്ഥാനത്ത് സമാധാനവും നിയമവാഴ്ചയും പുനഃസ്ഥാപിക്കുവാൻ കഴിയുകയില്ല.

പോലീസ് സ്റ്റേഷനുമുന്നിൽ പരസ്യമായി ബോംബു നിർമിക്കുമെന്ന്, നിയമസംവിധാനത്തെയും ഭരണഘടനയെയും വെല്ലുവിളിച്ച കോടിയേരി, പോലീസ് സ്റ്റേഷനുകളെ സിപിഎം ബ്രാഞ്ചുകമ്മിറ്റി ഓഫീസുകളാക്കി മാറ്റിയിരിക്കുന്നു. ഹൈക്കോടതിയും സുപ്രീംകോടതിയും സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയെയും ആഭ്യന്തര വകുപ്പിന്റെ പരാജയത്തെയും എത്രയോ തവണ ചൂണ്ടിക്കാട്ടി. ഇനിയും സംശയത്തിന്റെ നിഴലിൽ നില്ക്കുന്ന, കേരളം കണ്ട ഏറ്റവും കഴിവുകെട്ട ആഭ്യന്തരമന്ത്രിയായ കോടിയേരിയെ തത്സ്ഥാനത്തുനിന്നും മുഖ്യമന്ത്രി പുറത്താക്കുവാൻ തയ്യാറായില്ലെങ്കിൽ കേരള ജനത അദ്ദേഹത്തിനു മാപ്പു കൊടുക്കില്ലെന്നും ബെന്നി കക്കാട് പറഞ്ഞു.

നിയോജകമണ്ഡലം പ്രസിഡണ്ട് പി.ജി.ജോൺ അധ്യക്ഷത വഹിച്ചു. മാത്യു സാം, വഴുതാനത്ത് ബാലചന്ദ്രൻ, പണയിൽ പാപ്പച്ചൻ, മുരുകദാസൻ നായർ, പുത്തൂർ ജോൺ, സി.ബോബൻ, കോശി ജോർജ്, അഡ്വ.ബാബു മാത്യു, ധനേഷ്കുമാർ, പോൾ ആന്റണി, മധുസൂദനൻ പിള്ള, ജോയി എന്നിവർ പ്രസംഗിച്ചു.

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## 27 സെപ്റ്റംബർ - 3 ഒക്ടോബർ 2009

പി. ആർ



## കേരളം

**27.** കുറ്റാന്വേഷണം എന്തെന്ന് അറിയാത്ത പോലീസ് ഉദ്യോഗസ്ഥരാണ് കേരളാ പോലീസിന്റെ കുറ്റാന്വേഷണ ഏജൻസികളിൽ പ്രവർത്തിക്കുന്ന പലരുമെന്ന് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ.



- ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റി കേരളഘടകം ചെയർമാനായി മാതൃഭൂമി മാനേജിംഗ് എഡിറ്റർ പി.വി. ചന്ദ്രൻ തെരഞ്ഞെടുക്കപ്പെട്ടു.

**28.** മാതൃകാ നഗരമായിരുന്ന തിരുവനന്തപുരം ഇന്ന് ഗുണ്ടകളും എറണാകുളം അധോലോക സംഘങ്ങളുമാണ് ഭരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ.



- മലമ്പുഴ അണക്കെട്ടിലെ മണലും ചെളിയും നീക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിച്ച ഇറ്റാലിയൻ കമ്പനികളായ ബ്ലൂസ്റ്റാർ കൺസോർഷ്യം, ഇക്കോള ഹോൾസിംഗ്സ് ലിമിറ്റഡ് എന്നിവർ യോഗ്യരാണെന്ന് വിദഗ്ധ സമിതി റിപ്പോർട്ടു നല്കി.



**29.** സർക്കാർ നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിലും സംവരണവും മറ്റാനുകൂല്യങ്ങളും നായർ സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും ലഭ്യമാക്കണമെന്നു എൻഎസ്എസ് പ്രതിനിധി യോഗം പ്രമേയം പാസ്സാക്കി.

- രാഷ്ട്രീയമായി എതിർചേരിയിൽ നില്ക്കുമ്പോഴും രാജഗോപാലിന്റെ ലളിതവും മൂല്യാധിഷ്ഠിതവുമായ ജീവിതം തന്നെ ആകർഷിച്ചിട്ടുണ്ടെന്നു, ബിജെപി നേതാവ് ഒ.രാജഗോപാലിന്റെ 80-ാം പിറന്നാളിനോടനുബന്ധിച്ചു സംഘടിപ്പിച്ച യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് ഉമ്മൻചാണ്ടി പറഞ്ഞു.



**30.** പത്രപ്രവർത്തിനത്തിനു നല്കിയ സമഗ്രവും മൗലികവുമായ സംഭാവന പരിഗണിച്ച് കേരള കൗമുദി ചീഫ് എഡിറ്റർ എം.എസ്.മണിയെ ഈ വർഷത്തെ സ്വദേശാഭിമാനി പുരസ്കാര (25000 രൂപ)ത്തിനായി തെരഞ്ഞെടുത്തു.

- തേക്കടിയിൽ അന്യ സംസ്ഥാന വിനോദസഞ്ചാരികൾ കയറിയ കെ.ടി.ഡി.സിയുടെ 'ജലകന്യക' എന്ന ഡബിൾ ഡക്കർ ബോട്ട് പെരിയാർ തടാകത്തിലെ ഏറ്റവും ആഴമുള്ള ഭാഗമായ മണക്കവലയിൽ തലകീഴായി മറിഞ്ഞ് 45 പേർ മരിച്ചു.

**1.** എസ്.ബി.കോളജ് ഏർപ്പെടുത്തിയ സെന്റ് ബർക്കുമാൻസ് പുരസ്കാരത്തിന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ജിയോളജി ആൻഡ് എൻവയോൺമെന്റൽ സയൻസ് വിഭാഗം മേധാവി ഡോ.എ.വി.ജോർജിനെ തെരഞ്ഞെടുത്തു.

- സപ്ലൈകോ നീതി മെഡിക്കൽ സ്റ്റോറിലേക്കു മരുന്നു വാങ്ങിയതിൽ കോർപ്പറേഷന് 54.97 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയ കേസിൽ സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന എസ്.പുലികേശി ഉൾപ്പെടെ 12 പേർക്കെതിരെ സിബിഐ കുറ്റപത്രം സമർപ്പിച്ചു.

**2.** വിലകൂടിയ ഇന്ധനമായ നാഫ്തയ്ക്കു പകരം വൈദ്യുതി ഉത്പാദനത്തിന് ദ്രവീകൃത പ്രകൃതിവാതകം (എൽ.എൻ.ജി) കായംകുളം താപവൈദ്യുതിനിലയത്തിന് ലഭ്യമാക്കുമെന്ന് പെട്രോനെറ്റ്.

- ആസിയാൻ കരാറിനെതിരെ സിപിഎമ്മിന്റെ ആഹ്വാനപ്രകാരം സംസ്ഥാനത്ത് മനുഷ്യച്ചങ്ങല തീർത്തു.

**3.** ശബ്ദത്തെക്കാൾ അഞ്ചിരട്ടി വേഗതയിൽ സഞ്ചരിക്കുന്ന സൂപ്പർസോണിക് ട്രാൻസ്പോർട്ടേഷൻ വെഹിക്കിൾ എൻജിൻ പ്രതിരോധ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുക്കുന്നതോടെ വ്യോമയാനരംഗത്തും ബഹിരാകാശരംഗത്തും വൻ കുതിപ്പിന് കളമൊരുങ്ങുമെന്ന് അഗ്നി-5 മിസൈൽ പ്രോജക്ട് ഡയറക്ടർ ടെസി തോമസ്.



## ദേശീയം

**27.** മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ മകനും കോൺഗ്രസിൽ നിന്ന് മുൻപ് രാജിവച്ചയാളുമായ സുനിൽ ശാസ്ത്രി കോൺഗ്രസിൽ മടങ്ങിയെത്തി.

- ആണവ നിരായുധീകരണ കരാറിൽ ഒപ്പുവയ്ക്കേണ്ടെന്ന കേന്ദ്രസർക്കാർ തീരുമാനം അഭിനന്ദനാർഹമെന്ന് ബിജെപി അധ്യക്ഷൻ രാജ്നാഥ് സിംഗ്.

**28.** രാഷ്ട്രീയത്തിൽ നിന്നു കഴിയുന്നത്ര അകന്നു കഴിയാനാണ് ആഗ്രഹമെന്ന് വിജയദശമി ദിനത്തിൽ തന്നെ സന്ദർശിക്കാനെത്തിയ ബിജെപി നേതാവ് എൽ.കെ.അദ്വാനി പറഞ്ഞതായി ഉഡുപ്പി പേജാവർ മഠാധിപതി വിശ്വേശര തീർത്ഥസ്വാമി.

- ഹിന്ദി സാഹിത്യ അക്കാദമി അവാർഡ് ജേതാവും പ്രശസ്ത ഹിന്ദി കവിയുമായ ഗയാ പ്രസാദ് തിവാരി (89) റെയിൽവെ ട്രാക്ക് കുറുകെ കടക്കുന്നതിനിടെ ട്രെയിനിടിച്ചു മരിച്ചു.

**29.** ആണവോർജപരിപാടി പ്രതീക്ഷയ്ക്കൊത്തു മുന്നേറിയാൽ 2050ൽ വൈദ്യുതി ഉത്പാദനം 47000 മെഗാവാട്ടായി ഉയർത്തുവാൻ ഇന്ത്യയ്ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ്.



- കാശ്മീരിലെ ബാരാമുല്ല ജില്ലയിലെ ഡോപോർ നഗരത്തിൽ ഭീകരരുടെ ആക്രമണത്തിൽ മൂന്ന് സി.ആർ.പി.എഫ് ജവാൻമാർ കൊല്ലപ്പെട്ടു.

- രാജ്യത്ത് ഒരിടത്തും പൊതുസ്ഥലങ്ങളിൽ ആരാധനാലയങ്ങൾ നിർമിക്കരുതെന്ന് സുപ്രീംകോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

**30.** നാലു ദിവസമായി എയർ ഇന്ത്യയുടെ എക്സിക്യൂട്ടീവ് പൈലറ്റുമാർ നടത്തിവന്ന സമരം പിൻവലിച്ചു.

- രാജ്യം പത്മശ്രീ, പത്മഭൂഷൺ തുടങ്ങിയ ബഹുമതികൾ നല്കി ആദരിച്ച പ്രശസ്ത ഗായകൻ മന്നാ ഡേയെ ഇന്ത്യൻ സിനിമയിലെ ഏറ്റവും ഉന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കേ പുരസ്കാരത്തിനായി തെരഞ്ഞെടുത്തു.



- മറാഠികളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന രാജ് താക്കറെ അഭിനവ മുഹമ്മദാലി ജിന്നയാണെന്നു ശിവസേനാ മേധാവി ബാൽ താക്കറെ.



**1.** 1962ലെ ചൈനീസ് ആക്രമണത്തെ ന്യായീകരിച്ച ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ പിൻമുറക്കാരനായ പ്രകാശ് കാരാട്ടിന് ഇന്ത്യൻ അതിർത്തിയിൽ ചൈന നടത്തുന്ന കടന്നുകയറ്റങ്ങളെ പരസ്യമായി വിമർശിക്കാൻ ധൈര്യമുണ്ടോയെന്നു ബിജെപി വക്താവ് രവിശങ്കർ പ്രസാദ്.



- തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വിരമിച്ച നാവികസേനാ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് തീരദേശ സംസ്ഥാനങ്ങളോട് കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം നിർദേശിച്ചു.



**2.** രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 140-ാം ജന്മവാർഷികം രാജ്യമെങ്ങും ആചരിച്ചു.



- ബീഹാറിലെ ഖഗാരിയ ജില്ലയിൽ അമോസിദാരൻ ദിയാറ ഗ്രാമത്തിൽ മാവോയിസ്റ്റുകൾ അഞ്ചുകുട്ടികളടക്കം 16 പേരെ വെടിവെച്ചു കൊന്നു.

**3.** തൊഴിലിനെ വ്രതമായി കണ്ട ഗാന്ധിജിയുടെ ജയന്തി ദിനത്തിൽ തൊഴിൽ സ്തംഭിപ്പിച്ച് ചങ്ങല തീർത്ത സിപിഎം, അദ്ദേഹത്തെ അനാദരിക്കുകയാണ് ചെയ്തതെന്ന് വിദേശകാര്യ സഹമന്ത്രി ശശി തരൂർ.



- ബോഫോഴ്സ് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സിബിഐ ഡൽഹി ചീഫ് മെട്രോപൊലിറ്റൻ മജിസ്ട്രേറ്റ് മുമ്പാകെ ഹർജി നല്കി.



## വിദേശം

**27.** ഇറാൻ രഹസ്യമായി രണ്ടാമതൊരു ആണവനിലയം കൂടി പണിയുകയാണെന്നും ഇത്തരം പ്രവർത്തനങ്ങളിൽനിന്ന് പിൻമാറാത്ത പക്ഷം വൻ ഉപരോധ നടപടികൾ അഭിമുഖീകരിക്കേണ്ടിവരുമെന്നും അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമ.



- ഇസ്രയേലിന്റെ അധിനിവേശ ശ്രമങ്ങൾ കണ്ടില്ലെന്നു നടിക്കുന്ന യു.എസ്. പ്രസിഡണ്ട് ബറാക് ഒബാമ കുറ്റവാളിയാണെന്നു അൽഖയ്ദ നേതൃനിരയിലെ രണ്ടാമനായ അയ്മാൻ അൽ സവാഹിരി.



**28.** അമേരിക്കയുടെ പ്രാദേശിക സഖ്യകക്ഷിയായ ഇസ്രായേൽ വെറും കടലാസു പുലിയാണെന്ന് ഇറാൻ സൈനിക മേധാവി ജനറൽ ഹസൻ ഫിറൗസാബാദി.

- റമ്സാനോടനുബന്ധിച്ച് ഇറാഖിൽ പല ഭാഗങ്ങളിലായി നടന്ന ചാവേർ ആക്രമണങ്ങളിൽ 18 മരണം.

**29.** തുർക്കിയുടെ തലസ്ഥാനമായ ഇസ്താംബൂളിലെ ബിൽജി സർവകലാശാലയിൽ അന്താരാഷ്ട്ര നാണ്യനിധി (ഐ.എം.എഫ്) മേധാവി ഡൊമിനിക് സ്ട്രോസ്കാനു നേരെ പ്രഭാഷണത്തിനിടെ, ഐ.എം.എഫ് തുർക്കി വിടുക എന്ന മുദ്രാവാക്യം വിളിച്ച് പത്രപ്രവർത്തകൻ ചെരുപ്പെറിഞ്ഞു.

- ഇന്തോനേഷ്യയിലെ സുമാത്ര ദ്വീപിൽ റിക്ടർ സ്കെയിലിൽ 7.9 രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു.

**30.** ഫോർബ്സ് മാസിക പ്രസിദ്ധീകരിച്ച അമേരിക്കയിലെ 400 സമ്പന്നൻമാരുടെ പട്ടികയിൽ മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ് (5000 കോടി ഡോളർ ആസ്തി) ഒന്നാമത്.



- ഉസാമ ബിൻ ലാദൻ ജീവിച്ചിരിപ്പുണ്ടെന്നും പാക്-അഫ്ഗാൻ അതിർത്തിയോടു ചേർന്ന ഗോത്ര മേഖലയിലാണ് ഒളിച്ചുകഴിയുന്നതെന്നും അമേരിക്ക.

- നാനോ ടെക്നോളജിയുടെ സഹായത്തോടെ ശാരീരിക പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിവു നേടുന്നതോടെ അടുത്ത 20 വർഷത്തിനുള്ളിൽ മനുഷ്യൻ അമരത്വം കൈവരിക്കുമെന്ന് പ്രമുഖ അമേരിക്കൻ ശാസ്ത്രജ്ഞൻ റേ കർസ്വെല്ല്.

**1.** പർവേസ് മുഷറഫ് പ്രസിഡണ്ടായിരിക്കെ പാകിസ്ഥാൻ പ്രസിഡണ്ട് ആസിഫ് അലി സർദാരി അടക്കമുള്ള പ്രമുഖർക്കെതിരായ അഴിമതിക്കേസുകൾ പിൻവലിച്ചുകൊണ്ടുള്ള ഓർഡിനൻസിന് പാർലമെണ്ടിന്റെ അംഗീകാരം വേണമെന്ന് സുപ്രീംകോടതി.

- കമ്യൂണിസ്റ്റ് ഭരണത്തിന്റെ 60-ാം വാർഷികം ചൈനയിൽ ആഘോഷിച്ചു.

**2.** രാജ്യാന്തര അഹിംസാദിനം കൂടിയായ ഗാന്ധി ജയന്തി ദിനത്തിൽ പ്രശസ്ത യു.എസ്.ആർട്ടിസ്റ്റ് ഫെർഡി പചെകൊ രൂപകല്പന ചെയ്ത മഹാത്മാ ഗാന്ധിയുടെ സ്റ്റാംപ് ന്യൂയോർക്കിൽ നടന്ന ചടങ്ങിൽ ഐക്യരാഷ്ട്രസഭ പ്രകാശനം ചെയ്തു.

**3.** 57 അംഗരാജ്യങ്ങളുള്ള ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കൺട്രീസ് (ഒ.ഐ.സി) ജമ്മുകാശ്മീരിനായി പ്രത്യേക ദൂതനെ നിയോഗിച്ചു.

- പോളണ്ടിൽ നാസികളുടെ ജൂതവംശഹത്യയ്ക്കെതിരായ സായുധ പോരാട്ടത്തിന് നേതൃത്വം നല്കിയതിൽ അവസാനത്തെ ആളായ മാരെക് എഡൽ മാൻ (90) അന്തരിച്ചു.

●വാല്യം 3 ●ലക്കം 4

14 ഒക്ടോബർ 2009

ഒരു കോപ്പി വില - 7.00

വരിസംഖ്യ വാർഷികം - 300

# Prathichaya

NEWS WEEKLY

Email : pratichaya@gmail.com Website: www.pratichaya.com

Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

HOTEL

## PRARTHANA INN

NEAR PRIVATE BUS STAND, EAST NADA
GURUVAYOOR
PH: 0487 2557755

- *WELL FURNISHED A/C & NON A/C ROOMS*
- *AMPLE CAR PARKING AREA*
- *NEAR TO THE RAILWAYSTATION & KSRTC BUSSTAND*

*4-ാം വർഷത്തിലേക്ക്*

ഇന്ത്യയിലെ പ്രസിദ്ധ ISI കമ്പനിയുടെ കമ്പികൾക്കും മെറ്റൽ ഷീറ്റുകൾക്കും

## A.P. STEEL

Branches

HASANSON AGENCIES
TOWN HALL ROAD
KUNNAMKULAM
PH: 0488 5322779

HASANSON AGENCIES
HASANSON COMPLEX
BEACH ROAD
CHAVAKKAD
PH: 0487 2507875



George Thomas
(Jijo Thomas)



E. Sreedevi

(കേരളാ കോൺഗ്രസ് (എം) സംസ്ഥാന കമ്മിറ്റി അംഗങ്ങൾ)

**ചീഫ് ലൈഫ് ഇൻഷ്വറൻസ് അഡ്വൈസർ**

- ചെയർമാൻസ് ക്ലബ് മെമ്പർ
- പ്രീമിയം കോടിപതി
- കോടിപതി - സെഞ്ചൂറിയൻ

LIC of India, Alappuzha Br.1

**LIC'S Premium Point**
**Authorised Premium Collection Centre**
**Purakkad P.O.**
**Ambalapuzha**

Ph:0477 2278975, 2270501
Mob: 9447104074, 9495211423

ഏജൻസ് നിയമനം, പോളിസി സമാഹരണം, ഡെപ്പോസിറ്റ്, യു.എൽ.ഐ.പി പോളിസികൾ, വിവാഹ-വിദ്യാഭ്യാസ പോളിസികൾ, ഭവനവായ്പ.

## KATTUNGAL

CROP HARVESTERS

THANNEERMUKKOM
CHERTHALA
ALAPPUZHA

PH: 0478 - 3216121, 9349612161, 9539072161

## JOSCO

MULTI - SPECIALITY HOSPITAL

EDAPPON - JOSCO JN.

PANDALAM

TEL: 0479 - 2374982, 2374870

*പ്രതിച്ഛായാ വായനക്കാർക്ക് ആശംസകൾ*



**ജയശ്രീ വേലായുധൻ**
കേരളാ വനിതാ കോൺഗ്രസ് (എം)
നിയോജകമണ്ഡലം സെക്രട്ടറി
കടുത്തുരുത്തി

**ജയഭവൻ**
**ചാമക്കാല പി.ഒ**
**കോട്ടയം**

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK